സാഹിബ്ബ് ബഹദൂർ വി. എ. അബ്ദുൽഅസീസ്: മുന്തര ശ്രേഷ്ഠിലക്ക് വാങ്ങിച്ചതു് എന്തുജാതി മുളയാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: എന്തു ജാതിയാണെന്നു് നിശ്ചയമില്ല.

DUTY ON PEPPER

***438.** [8] †**Sri. P. T. Chacko:** Will the Hon'ble Minister for Industries be pleased to state :—

(*a*) whether the Government have anything to state regarding the recent increase of export duty on pepper by the Union Government; and

(*b*) whether this Government was consulted before enhancing the said duty?

Minister for Industries Excise & Local Self Government (**Sri. N. Kunjuraman**):

(*a*) Nothing.

(*b*) No.

ചെറുക്കഷെഡുകൾ

* ര ന. (ന) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുൻ കൊച്ചീരാജ്യമായിരുന്ന തൃശ്ശൂർ ഡിസ്ട്രിക്ടിൽ സംയോജനത്തിനെ അടിസ്ഥാനമാക്കി എത്ര ചെറുക്കഷെഡുകൾ നിർമ്മിച്ചു?

(ബി) അതിനു എത്ര സംഖ്യ ചെലവുചെയ്തു;

(സി) ചെറുക്കടകൾ നിറുത്തൽചെയ്ത എന്ന കാരണത്തിൻമേൽ ആ ഷെഡുകൾ വീണ്ടും ലേലം ചെയ്തു വിറ്റുവോ;

(ഡി) ഉണ്ടെങ്കിൽ എത്ര സംഖ്യ മടക്കികിട്ടിയിട്ടുണ്ടു്;

(ഇ) അപ്രകാരം ലേലം വിളിച്ച ഷെഡുകൾ ഉള്ള സ്ഥലത്തു് ഏക് സൈസു് പാറാവുകൾ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അവക്കു ഷെഡു് അത്യാവശ്യമായിരുന്നില്ലേ;

(ജി) ഉണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശ സ്വയം ഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഒ ഫ.

(ബി) ന ൻ, ഠ ൻ ഫ ശ്ര. ഠ ണ. ന്യ പൈ.

(സി) ഗവണ്മെണ്ടിനു് ആവശ്യമുള്ളവയൊഴിച്ചു ബാക്കിയെല്ലാം ലേലം ചെയ്തുകൊണ്ടിരിക്കയാണു്.

(ഡി) ന, ള ന്മ ശ്ര. കിട്ടിയിട്ടുണ്ടു്.

(ഇ) ഇല്ല.

(എഫ്, ജി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: തലപ്പിള്ളിതാലൂക്കിലെ ഏതെങ്കിലും ചെറുക്കഷെഡുകൾ ലേലം ചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: എവിടെയെല്ലാമാണു് ലേലത്തിൽ വിറ്റിട്ടുള്ളതു് എന്നതു് നെസംബന്ധിച്ചു് ലിസ്റ്റു് എന്റെകയ്യിൽ തൽക്കാലമില്ല.

ശ്രീ. സി. വി. ഇയ്യു: ചെറുക്കഷെഡുകൾ അതാതുസ്ഥലത്തെ ചെറുക്കശീപായിമാർക്കു് താമസിക്കാനുള്ള കാവാട്ടേഴ്സായിട്ടു കൊടുക്കാൻ ഏർപ്പാടു ചെയ്യുമോ?

Mr. Speaker: That is a request for action.

† The Member being absent, the question was put by Sri. P. Balakrishnan Tampi.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: പറവൂർ താലൂക്കിലും മറ്റുമുള്ള ചൗക്ക ഷെഡ്ഡുകൾ ജീർണ്ണിച്ചുകിടക്കുകയാണെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ചിലസ്ഥലങ്ങളിലെ ചൗക്കഷെഡ്ഡുകൾ ജീർണ്ണിച്ചുപോയിട്ടുണ്ട്. അതുകൊണ്ടാണ് ഗവൺമെണ്ടിനു ആവശ്യമുള്ളതൊഴിച്ച് ബാക്കിയുള്ള ചൌക്കഷെഡ്ഡുകൾ എല്ലാം കഴിയുന്നതും വേഗത്തിൽ ലേലം ചെയ്യുവിൽക്കുന്നതിനു് ഏർപ്പാടുചെയ്തിട്ടുള്ളതു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: എത്രയും വേഗത്തിൽ അവ ലേലം ചെയ്തുകൊടുക്കാൻ ഏർപ്പാടുചെയ്യുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: തീർച്ചയായും. റവന്യൂബോർഡ് അതിനുവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

മായന്നൂർ വില്ലേജിലെ ജലസേചനപദ്ധതി

*൪൪൦. (൨൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മായന്നൂർ വില്ലേജിലെ ജലസേചനപദ്ധതിക്കു് എത്ര സംഖ്യ എസ്റ്റിമേറ്റു് ചെയ്തിട്ടുണ്ടു്;

(ബി) അതിലെ വെള്ളംകൊണ്ടു് എത്ര ഏക്കർ മുണ്ടകൃഷിയും ഇരുപ്പൂകൃഷിയും കൃഷി രക്ഷിക്കാമെന്നു കണക്കാക്കീട്ടുണ്ടു്;

(സി) ഈ സ്ഥലം പതിച്ചുകൊടുക്കാൻ ഗവൺമെണ്ടിനു് അപേക്ഷ കിട്ടുകയോ ആലോചിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അപേക്ഷകൻ ആരായിരുന്നു?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൪൦,൦൦൦ രൂപ.

(ബി) ഉദ്ദേശം ൫൦൦ ഏക്കർ മുണ്ടകൃഷിനിലങ്ങളും ഇരുപ്പൂവാക്കാം. ൪൦ ഏക്കർ ഇരുപ്പൂനിലങ്ങളിലെ ഉണക്കു് നീക്കുകയും ചെയ്യാം.

(സി) ഇല്ല.

(ഡി) ചോദ്യത്തിനു ഉത്തരം ആവശ്യമില്ല.

ഫുഡ് പ്രൊഡക്ഷൻ സ്കീം

*൪൪൫. (൨൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫുഡ്പ്രൊഡക്ഷൻ സ്കീമിൽ എത്ര പണികൾ വടക്കാഞ്ചേരിയിൽ തുടങ്ങുവാൻ തീർച്ചയാക്കിയിട്ടുണ്ടു്;

(ബി) ആ തരം പദ്ധതികളുടെ പേരുകൾ പറയുവാൻ സദയമുണ്ടാകുമോ;

(സി) ഓരോ പദ്ധതിക്കും എത്ര ഉറുപ്പികവീതം ചെലവുവരുന്നതായിരിക്കുമെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഏതു പദ്ധതിക്കാണു് ഇപ്പോൾ ഇരുപ്പു നെൽകൃഷി ചെയ്യുന്ന സ്ഥലം അകപ്പെടുത്തേണ്ടതായി വരുന്നതു്;

(ഇ) അങ്ങിനെ അകപ്പെടുത്തുന്നതിന്റെ വിസ്തീർണ്ണം എന്തെന്നും അകപ്പെടുത്തുന്നതുകൊണ്ടു് ഇന്നത്തെ ഉല്പാദനത്തിൽ എത്ര പറ നെല്ലു് കുറവുവരുമെന്നും പറവാൻ സദയമുണ്ടാകുമോ;

LIBRARY ARCHIVES Kerala Legislative Assembly